# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3088 22.06.2012-ൽ മറുപടിയ്ക്ക്

## ഗസറ്റ് വിതരണം പുനരാരംഭിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.കെ.അബ്ദുൾഖാദർ** | | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| (എ) | സർക്കാർ ഗസറ്റുകളുടെ അച്ചടിയും വിതരണവും നിലച്ചതായും സെൻട്രൽ പ്രസ്സിൽ ഗസറ്റുകൾ കെട്ടിക്കിടക്കുന്ന തായുമുള്ള വിവരം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ ; | (എ) സർക്കാർ ഗസറ്റുകളുടെ അച്ചടിയും വിതരണവും നിലച്ചിട്ടില്ല. എന്നാൽ കൺസഷൻ റേറ്റിൽ തപാൽ മുഖേന ഗസറ്റുകൾ അയയ്ക്കാൻ കഴിയാത്തതിനാൽ പൂർണ്ണമായ തോതിൽ ഗസറ്റുകൾ അയയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | എങ്കിൽ ഗസറ്റുകൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിൽ വീഴ്ചവരാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (ബി) ഗസറ്റുകൾ തപാൽ മുഖേന കൺസഷൻ നിരക്കിൽ അയക്കുന്നതിന് RNI രജിസ്ട്രേഷൻ ആവശ്യമാണെന്ന് തപാൽ വകുപ്പ് അറിയിച്ച തനുസരിച്ച് ടി രജിസ്ട്രേഷൻ ലഭ്യമാക്കു ന്നതിനുള്ള ആവശ്യമായ നടപടികൾ രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പർ ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. ടി രജിസ്ട്രേഷൻ കൂടാതെ ഗസറ്റുകൾ തപാലിൽ അയയ്ക്കുന്നതിന് ഗസറ്റിന്റെ വിലയെക്കാളും രണ്ടിരട്ടി തപാൽകൂലി വേണ്ടിവരും. ഇതാണ് ഗസറ്റുകൾ കൃത്യസമയത്ത് തപാൽ മാർഗ്ഗം അയയ്ക്കാൻ കഴിയാത്തതിനുള്ള കാരണം. |
| (സി) | ഗസറ്റ് വിതരണം പുനരാരംഭിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ ? | (സി) RNI രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻതന്നെ മുടക്കം വന്നിട്ടുള്ള ഗസറ്റുകൾ ഉൾപ്പെടെ തപാൽ മുഖേന അയച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീ കരിക്കുന്നതാണ്. |

Vijaya Kumari

സെക്ഷൻ ഓഫീസർ